**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793** **09-08-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സഹകരണ നിയമവും സഹകരണ സംഘങ്ങളുടെ ലയനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾക്ക് ബഹുസംസ്ഥാന സഹകരണ സംഘങ്ങളിൽ ലയിക്കാമെന്ന വ്യവസ്ഥ കേന്ദ്ര സഹകരണ നിയമത്തിൽ ഉൾപ്പെടുത്തിയത് സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതൊക്കെ രീതിയിൽ ദോഷകരമായി ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | Multi State Co-operative Societies (Amendment ) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multistate co-operative societies എന്നതിൽ ഉപ വകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാന പ്രകാരം നിലവിൽ സംസ്ഥാന നിയമ പ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധന ആയി സംസ്ഥാന നിയമത്തിലെ Merger സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>കേരളത്തിൽ സഹകരണ മേഖല എല്ലാ ജനങ്ങളെയും ഉൾക്കൊള്ളുന്ന രീതിയിൽ സമസ്ത മേഖലയിലേക്ക് വളർന്നത് സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഇടപെടലുകളുടെ ഭാഗമായിട്ടാണ്. സംസ്ഥാന നിയമം പാസാക്കിയിരിക്കുന്നത് സഹകരണ സംഘങ്ങളുടെ ജനാധിപത്യ സംവിധാനം അരക്കിട്ടുറപ്പിക്കുക, സഹകരണ സംഘങ്ങളുടെ സ്വയംഭരണം ഉറപ്പുവരുത്തുക, സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ വായ്പയായി അനുവദിച്ച് സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരുടെ വരെ ഉന്നമനം ഉറപ്പുവരുത്തുക, നിക്ഷേപങ്ങൾ |

| | | | |
|---|---|---|---|
| | | | ഫലപ്രദമായി വിനിയോഗിച്ച് സഹകരണ സ്ഥാപനങ്ങളുടെ വികസനം ഉറപ്പുവരുത്തി സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ്. സംസ്ഥാനത്ത് സഹകരണ മേഖല പ്രവർത്തനങ്ങളിലും ലക്ഷ്യത്തിലും വൈവിധ്യപൂർണ്ണമായ സമീപനങ്ങളാണ് സ്വീകരിച്ചുവരുന്നത്. അതിന്റെ ഗുണഫലങ്ങൾ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും അനുഭവിക്കുന്നുണ്ട്. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘ നിയമം ഭേദഗതി പ്രകാരം ഈ മേഖലയിലെ പല ഇടപെടലുകളും സഹകരണ മേഖലയ്ക്ക് വെല്ലുവിളി ഉയർത്താൻ പര്യാപ്തമായവയാണ്. |
| (ബി) | പ്രസ്തുത നിയമ ഭേദഗതി ബഹുസംസ്ഥാന സഹകരണ സംഘങ്ങൾക്ക് കേരളത്തിലെ സംഘങ്ങളെ ഏറ്റെടുത്തുകൊണ്ട് ഇവിടെ പ്രവർത്തിക്കുന്നതിനും സംസ്ഥാന സഹകരണ മേഖലയുടെ താല്പര്യത്തിന് വിരുദ്ധമായി കാര്യങ്ങൾ നടപ്പാക്കാനും അവസരം സൃഷ്ടിക്കുമെന്ന കരുതുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച എതിർപ്പ് സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പും കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടെ പകർപ്പും ലഭ്യമാക്കുമോ; | (ബി) | വിഷയത്തിന്റെ നിയമപരവും ഭരണഘടനാപരവുമായ പ്രശ്നങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സഹകരണ സംഘങ്ങൾ തമ്മിൽ ലയിക്കുന്നതിനുള്ള ലയന പ്രമേയം പാസാകാനുള്ള ഭൂരിപക്ഷം അതത് സംസ്ഥാനത്തെ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത് അനുസരിച്ചായിരിക്കുമെന്ന് കേന്ദ്ര നിയമത്തിൽ വ്യവസ്ഥ ഉണ്ടോ; വ്യക്തമാക്കുമോ; | (സി) | Multi State Co-operative Societies (Amendment ) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multistate co-operative societies എന്നതിൽ ഉപ വകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാന പ്രകാരം നിലവിൽ സംസ്ഥാന നിയമ പ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധന ആയി സംസ്ഥാന നിയമത്തിലെ Merger സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ലയന പ്രമേയം പാസാക്കുവാൻ കേവല ഭൂരിപക്ഷം മതി എന്ന സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് ബഹു-സംസ്ഥാന സഹകരണ സംഘങ്ങളുടെ കടന്നുവരവിനെ നിയന്ത്രിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ